## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4601 13.11.2019-ലെ മറുപടി

### ചാത്തമംഗലം, മാവൂർ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം, മാവൂർ ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക കുടിവെള്ള വിതരണ സംവിധാനം ഏർപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | എ) | മാവൂർ പഞ്ചായത്തിന് വേണ്ടി കൂളമാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ചാത്തമംഗലം പഞ്ചായത്തിന് വേണ്ടി നിലവിലുള്ള ചാത്തമംഗലം സ്കീമിൽ നിന്നും ജലവിതരണം നടത്തിവരുന്നു. ഈ രണ്ടു പഞ്ചായത്തുകളിലെയും പൈപ്പ് ലൈൻ വിതരണശൃംഖല മെച്ചപ്പെടുത്തുന്ന പ്രവർത്തികൂടി പുതുതായി വിഭാവനം ചെയ്തിരിക്കുന്ന മുക്കം കൊടുവള്ളി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവൂർ ഗ്രാമപഞ്ചായത്തിൽ പൈപ്പ് ലൈനുകളുടെ നീളം കൂട്ടുന്നതിനായി എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ? | ബി) | സ്റ്റേറ്റ് പ്ലാൻ 2019-20 പദ്ധതികളിൽ ഉൾപ്പെടുത്തി മാവൂർ തേജിലക്കടവ് പൈപ്പ് ലൈൻ റോഡിൽ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ അംഗീകാരം നല്കി.ഈ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. സ്റ്റേറ്റ് പ്ലാൻ 2018-19 പദ്ധതികളിൽ ഉൾപ്പെടുത്തി കൂളമാട് നിന്നും മാവൂർ ജി ഐ ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തിക്ക് 103 ലക്ഷം രൂപയുടെ അംഗീകാരം നല്കി. ഈ പ്രവൃത്തി പൂർത്തീകരിച്ചു |

Renuka Sankar
സെക്ഷൻ ഓഫീസർ